പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2495

07/02/2019 ൽ മറുപടിക്ക്

## കൺസ്യൂമർഫെഡ് പുനരുദ്ധരിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ. വി. ജോയി<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും<br>ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | മുൻ സർക്കാരിന്റെ കാലത്ത് വൻ നഷ്ടത്തിലായ കൺസ്യൂമർഫെഡ് പുനരുദ്ധരിക്കുന്നതിനായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ; | എ) | മുൻ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലായിരുന്ന കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി പുനരുദ്ധരിക്കുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 3 അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ 25.07.2016-ൽ ഭരണ നിർവ്വഹണത്തിനായി നിയമിച്ചു. ഈ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചാർജ് എടുത്ത ശേഷം ഫെഡറേഷന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പുതിയ സംഘടനാ സംവിധാനത്തിന് രൂപം നൽകി, പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി. ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സഹായത്തോടെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി. നഷ്ടത്തിലായ യൂണിറ്റുകൾ കച്ചവട സാധ്യതയുള്ള സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ കൈക്കൊണ്ടു. മൊബൈൽ ത്രിവേണികളുടെ സഞ്ചാര പഥത്തിൽ മാറ്റം വരുത്തി കച്ചവട സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി സ്ഥിരം കസ്റ്റമർ സ്മാർട്ട് കാർഡ് സംവിധാനം |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തി കൊണ്ട് വിറ്റു വരവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. ആവശ്യകത തിട്ടപ്പെടുത്തി അനാവശ്യ ഗോഡൗണുകൾ ഒഴിവാക്കി. കെട്ടിക്കിടന്നിരുന്ന സാധനങ്ങൾ, ഉപയോഗയോഗ്യമല്ലെന്നു കണ്ടെത്തിയ വാഹനങ്ങൾ എന്നിവ നടപടി ക്രമങ്ങൾ പാലിച്ച് പരസ്യ ലേലം വഴി വിറ്റഴിച്ചു. ജീവനക്കാരെ ശാസ്ത്രീയമായി തിട്ടപ്പെടുത്തി അധികമായി നിയമിക്കപ്പെട്ട ജീവനക്കാരെ ഒഴിവാക്കി ബാക്കിയുള്ളവരെ പുനർവിന്യസിച്ചു. ലാഭകരമല്ലെന്നു കണ്ടെത്തുകയും ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ നന്മ സ്റ്റോറുകൾ ഒഴിവാക്കുകയും ചെയ്തു. ഇതിലൂടെ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സാധിച്ചു. ഈ സർക്കാർ നിയമിച്ച അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ പ്രവർത്തനത്തിലൂടെ 2016-17 സാമ്പത്തിക വർഷത്തിൽ 61.27 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ 61.63 കോടി രൂപയും 2019 ഡിസംബർ വരെ ഏകദേശം 55 കോടി രൂപയും പ്രവർത്തന ലാഭം നേടുന്നതിന് സാധിച്ചു. വിതരണക്കാർക്ക് നൽകുവാനുണ്ടായിരുന്ന കുടിശ്ശികയിൽ ബാക്കി നിൽപ്പുണ്ടായിരുന്ന 38.9932 കോടി രൂപ ഈ സർക്കാർ അധികാരമേറ്റ ശേഷം ഫെഡറേഷൻ നൽകി. ഉത്സവ കാലങ്ങളിലെവിപണി ഇടപെടലുകൾക്കായി 2016-17 വർഷം 3 കോടി രൂപയും, 2017-18 വർഷം 52 കോടി രൂപയും 2018-19 വർഷം നാളിതു വരെ 41 കോടി രൂപയും ഫെഡറേഷന് നൽകി. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് കൺസ്യൂമർഫെഡിന്റെ നഷ്ടം എത്ര കോടി രൂപയായിരുന്നു; 2017-18 സാമ്പത്തിക വർഷത്തിൽ എത്രകോടി രൂപ ലാഭത്തിലായി എന്ന് അറിയിക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് കൺസ്യൂമർ ഫെഡിന്റെ സഞ്ചിത നഷ്ടം ലഭ്യമായ കണക്കുകൾ പ്രകാരം 447.21 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 61.62 കോടി രൂപയുടെ പ്രവർത്തന ലാഭം കൈവരിക്കുകയുണ്ടായി. 2017-18 വർഷത്തെ താൽക്കാലിക ബാക്കിപത്രം പ്രകാരം സഞ്ചിത നഷ്ടം 324.31 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | കൺസ്യൂമർഫെഡിന്റെ വ്യാപാരം വൻതോതിൽ വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | സി) | കൺസ്യൂമർ ഫെഡിന്റെ വ്യാപാരം വർദ്ധിപ്പിക്കുന്നതിനായി വേണ്ട രീതിയിൽ പഠനം നടത്തി നഷ്ടത്തിലായ യൂണിറ്റുകൾ കച്ചവട സാദ്ധ്യതയുള്ള സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. മൊബൈൽ ത്രിവേണികളുടെ സഞ്ചാര പഥത്തിൽ മാറ്റം വരുത്തി കച്ചവട സാദ്ധ്യത വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. കൂടുതൽ ഉപഭോക്താക്കളെ കൺസ്യൂമർ ഫെഡിലേക്ക് ആകർഷിക്കുന്നതിലേക്കായി സ്ഥിരം കസ്റ്റമർക്ക് സ്മാർട്ട് കാർഡ് സംവിധാനം ഏർപ്പെടുത്തി കൊണ്ട് വിറ്റു വരവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ വാങ്ങി വിപണിയിൽ ലഭ്യമാക്കുന്നതിനായി കൺസ്യൂമർ ഫെഡിൽ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. പർച്ചേസ് കമ്മിറ്റി മുൻപാകെ ഗുണ മേന്മ ഉറപ്പ് വരുത്തുന്ന വിതരണക്കാർക്ക് മാത്രമേ പർച്ചേസ് ഓർഡർ നൽകുകയുള്ളൂ, വിതരണക്കാർ ഉൽപ്പന്നങ്ങൾ എത്തിക്കുമ്പോൾ ഗുണമേന്മ ഉറപ്പു വരുത്തിയ ശേഷമാണ് ഗോഡൗണുകളിൽ ശേഖരിക്കുന്നത്. ഉത്സവ വിപണികൾ നടക്കുന്ന സമയങ്ങളിൽ ഗുണ നിലവാര പരിശോധനയ്ക്കായി പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇതിലേക്കായി ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള കാഷ്യൂ എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ഓഫ് ഇൻഡ്യ ലബോറട്ടറി ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തെയാണ് കഴിഞ്ഞ 2 വർഷമായി ഏർപ്പെടുത്തിയിട്ടുള്ളത്. കൺസ്യൂമർ ഫെഡിന്റേയും പ്രാഥമിക സഹകരണ സംഘങ്ങളുടേയും നേതൃത്വത്തിൽ നടത്തി വരുന്ന നീതി മെഡിക്കൽ സ്റ്റോറുകളിലേക്ക് ആവശ്യമായ മരുന്നുകളുടെ ഓർഡർ കൺസ്യൂമർ ഫെഡറേഷന്റെ റീജിയണൽ ആഫീസുകളിൽ ശേഖരിച്ച് സംസ്ഥാന തലത്തിൽ ഏകോപിപ്പിച്ച് വിതരണം നടത്തി വരുന്നു. ഇതിലേക്കായി 12 നീതി മെഡിക്കൽ വെയർ ഹൗസുകൾ |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ 10% മുതൽ 40% വരെ വില കുറച്ച് ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ വിൽപ്പന നടത്തി വരുന്നു. പൊതു വിപണിയെക്കാളും കുറഞ്ഞ വിലയിൽ ഗുണ നിലവാരമുള്ള സാധനങ്ങൾ വിൽപ്പനയ്ക്ക് എത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിലൂടെ ഫെഡറേഷന്റെ വ്യാപാരം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| ഡി) | കൺസ്യൂമർഫെഡിന്റെ ഭരണസമിതി ജനാധിപത്യപരമായ രീതിയിൽ പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | കൺസ്യൂമർ ഫെഡറേഷന്റെ ഭരണ സമിതിയിലേക്ക് 24.01.2019-ന് ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തുകയും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ഭരണം അവസാനിപ്പിച്ച് തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി 24.01.2019-ന് അധികാരമേറ്റെടുക്കുകയും ചെയ്തു. നിലവിൽ വന്ന ഡയറക്ടർ ബോർഡിന്റെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.<br>1. ശ്രീ.മെഹബൂബ് - പ്രസിഡന്റ്<br>2.ശ്രീ.പി.എം.ഇസ്മയിൽ - വൈസ് പ്രസിഡന്റ്<br>3.ശ്രീ.പി.സുകേശൻ.ഐ.പി.എസ് - മാനേജിംഗ് ഡയറക്ടർ<br>4.ശ്രീമതി.മോളി സ്റ്റാൻലി – ഡയറക്ടർ<br>5.ശ്രീ.കെ.പുരുഷോത്തമ കുറുപ്പ് - ഡയറക്ടർ<br>6.ശ്രീ.ജി.അജയകുമാർ - ഡയറക്ടർ<br>7.ശ്രീ.കെ മധുസൂധനൻ - ഡയറക്ടർ<br>8.ശ്രീ.ആർ.പ്രമോദ്ചന്ദ്രൻ - ഡയറക്ടർ<br>9.ശ്രീ.ജോയി തോമസ് - ഡയറക്ടർ<br>10.ശ്രീ.സി.എ.ശങ്കരൻകുട്ടി - ഡയറക്ടർ<br>11.ശ്രീ.റ്റി.മുകുന്ദ പ്രസാദ് - ഡയറക്ടർ<br>12.ശ്രീ.ഗോകുൽദാസ് കൊറ്റയിൽ - ഡയറക്ടർ<br>13.ശ്രീ.കെ മോഹനൻ - ഡയറക്ടർ<br>14.ശ്രീ.വി.കെ രാജൻ - ഡയറക്ടർ<br>15.ശ്രീമതി.ആർ.സി.ലേഖാ സുരേഷ് - ഡയറക്ടർ<br>16.ശ്രീമതി.വി.റ്റി.സോഫിയ - ഡയറക്ടർ |

| | | | |
|---|---|---|---|
| | | | 17.ശ്രീമതി.കെ.വി.നഫീസ - ഡയറക്ടർ<br><br>18.ശ്രീ.ഇ.എ.ശങ്കരൻ - ഡയറക്ടർ |

സെക്ഷൻ ഓഫീസർ